## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 285** **05.03.2012 ലെ മറുപടിയ്ക്ക്**

### നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് നടപടി

**ചോദ്യം**
**ശ്രീ. എം.വി. ശ്രേയാംസ് കുമാർ**

**ഉത്തരം**
**ശ്രീ. കെ.എം. മാണി**
**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കോടതി വിധികൾ മൂലമുള്ള കുടിശ്ശികകൾ, മറ്റു നികുതി കുടിശ്ശികകൾ എന്നിവ സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും നികുതി പിരിവ് മോണിറ്റർ ചെയ്യുന്നതിനുമായി ധനകാര്യ വകുപ്പിൽ റവന്യൂ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതോടനുബന്ധിച്ച് ഒരു നികുതി നിരീക്ഷണ സമിതിയും രൂപീകരിച്ചിട്ടുണ്ട്. കമ്പോളത്തിൽ ക്രയവിക്രയം ചെയ്യുന്ന എല്ലാ സാധനങ്ങളുടെയും വിൽപ്പന കണ്ണിയിൽ ഈടാക്കുന്ന വില നിലവാരം സംബന്ധിച്ചുള്ള ഒരു വിവരശേഖരണം ഉണ്ടാക്കുന്നതിനായി ഒരു പ്രൈസ് ഇൻഫർമേഷൻ ബ്യൂറോയും രൂപീകരിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത നികുതി നിയമപ്രകാരം രജിസ്ട്രേഷൻ എടുക്കാതെ ഗണ്യമായ വ്യാപാരം നടത്തുന്ന സ്ഥാപനങ്ങളെ നികുതി ദായകരിൽ ഉൾപ്പെടുത്തുവാൻ ഈ വർഷം ഒരു |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ യജ്ഞം നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) & (ഡി) | ഉണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി സ്വീകരിക്കുന്നതിനായി E-Stamping, E-Payment സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ട്. അതിർത്തി കടന്നു വരുന്ന വാഹനങ്ങൾ കർശന പരിശോധന നടത്തുന്നതിനും ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി പ്രധാനപ്പെട്ട ചെക്ക് പോസ്റ്റുകളെല്ലാം സംയോജിത ചെക്ക് പോസ്റ്റുകളാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഉതിന്റെ ആദ്യപടിയായി അമരവിളയിൽ സംയോജിത ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാനത്ത് നിലവിൽ സി.സി.ടി.വി. സംവിധാനം അമരവിള ചെക്ക് പോസ്റ്റിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതേ സംവിധാനം മറ്റ് പ്രധാന ചെക്ക് പോസ്റ്റുകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ചു വരുന്നു. |
| (ഡി) | എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | | |

**സെക്ഷൻ ഓഫീസർ**